# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ. 59/2025 തിരുവനന്തപുരം, തീയതി: 21/03/2025

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ രണ്ട്, നാല്, ആറ് സെമസ്റ്റർ ബി.ബി.എ. റീസ്ട്രക്ചേർഡ് (മേഴ്സിചാൻസ് – 2000 - 2009 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 മാർച്ച് 29 വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റാ അനലിറ്റിക്സ് ന്യൂജനറേഷൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 മാർച്ച് 28 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഏഴാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം – റെഗുലർ/സപ്ലിമെന്ററി) ജനുവരി 2025 പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ 2025 ഏപ്രിൽ 09 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ) എം.ബി.എ (ജനറൽ), എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം), എം.ബി.എ. (ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ്) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്നതും, സർക്കാർ തലത്തിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളുകളിൽ ഒന്നുമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ്. സ്ട്രീമിൽ, എം.ബി.എ (ജനറൽ), എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം), എം.ബി.എ. (ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ്) കോഴ്സുകളിലേക്ക് (2025-2027 ബാച്ച്) പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷാർത്ഥിക്ക് സാധുവായ KMAT (2025), CAT/CMAT (2024 & 2025) സ്കോർ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. www.admissions.keralauniversity.ac.in എന്ന യൂണിവേഴ്സിറ്റി പോർട്ടൽ വഴി 2025 ഏപ്രിൽ 15 ന് 10 p.m. വരെ ആദ്യഘട്ട അപേക്ഷകൾ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത തീയതിക്ക് മുൻപായി അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ

അപേക്ഷാർത്ഥികളെയും **2025** ഏപ്രിൽ **24, 25** എന്നീ തീയതികളിൽ നിശ്ചയിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്കായി ക്ഷണിക്കുന്നതും പ്രവേശന പരീക്ഷ **(80%),** ഗ്രൂപ്പ് ഡിസ്കഷൻ **(10%),** പേഴ്സണൽ ഇന്റർവ്യൂ **(10%)** എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി **2025** ഏപ്രിൽ **30** ന് പ്രസിദ്ധീകരിക്കുന്നതും ആയിരിക്കും. തുടർന്ന് **2025** മെയ് **07** ന് ഐ.എം.കെ. യുടെ കാര്യവട്ടം കാമ്പസിൽ വച്ച് കൗൺസിലിംഗ് നടത്തുന്നതും അതിൻപ്രകാരം ക്ലാസ്സുകൾ ആരംഭിക്കുന്നതുമായിരിക്കും. രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് **1000/-** രൂപയും. എസ്.സി/എസ്.ടി. വിഭാഗത്തിന് **500/-** രൂപയുമാണ്. പ്രോസ്പെക്ടസ്, അപേക്ഷാഫോം എന്നിവയുടെ വിശദാംശങ്ങൾക്കായി യൂണിവേഴ്സിറ്റി പോർട്ടൽ സന്ദർശിക്കുക (**www.keralauniversity.ac.in**).



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)


**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**


| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |